**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 369** | **19-07-2022 - ൽ മറുപടിയ്ക്ക്**

**കായലുകളുടെയും കനാലുകളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിലടിയുന്ന മാലിന്യങ്ങൾ കൊണ്ടും നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി വൻതോതിൽ മണ്ണടിയുന്നതുകൊണ്ടും അപായ ഭീഷണി നേരിടുന്ന, റംസാർ പട്ടികയിൽപ്പെട്ടിട്ടുള്ള അഷ്ടമുടി കായൽ, ശാസ്താംകോട്ട കായൽ, വേമ്പനാട് കോൾ നിലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനു മുൻപും കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാൽ കായലുകളുടെ ജല സംഭരണശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ- പുന:രുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി, ബഹു:മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. റംസാർ തടാകങ്ങളായി അംഗീകരിക്കപ്പെട്ട, വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താം കോട്ട കായൽ എന്നിവയ്ക്കായി സംയോജിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ 3 റംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും ഈ അതോറിറ്റി മുഖാന്തിരമാണ് നടപ്പാക്കുന്നത് .<br><br>2021 - 22 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിന് ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും, നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനായുള്ള ബഡ്ജറ്റ് ശീർഷകം '4250-00-800-90-PV' ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ |

| | | | |
|---|---|---|---|
| | | | പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഷ്ടമുടി, വേമ്പനാട് കായലുകളുടെ ശുചീകരണത്തിനായി 20 കോടി രൂപയും ശാസ്താംകോട്ട കായലിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനായി ഒരു കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കായലുകളിൽ അടിഞ്ഞിട്ടുള്ള ചെളിയും മാലിന്യങ്ങളും ശാസ്ത്രീയമായി നീക്കി കായലുകളെ സംരക്ഷിക്കാനും അവയുടെ ജലവാഹക ശേഷി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടോ; | (ബി) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും അതിനു മുൻപും കാലാന്തരത്തിൽ ജലത്തോടൊപ്പം ഒഴുകിയെത്തിയ ചെളി/എക്കൽ എന്നിവ അടിഞ്ഞതിനാൽ കായലുകളുടെ ജല സംഭരണശേഷിയിൽ കുറവ് വന്നിട്ടുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ- പുന:രുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി, ബഹു:മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland Authority - Kerala) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന വകുപ്പാണ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. റംസാർ തടാകങ്ങളായി അംഗീകരിക്കപ്പെട്ട, വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താം കോട്ട കായൽ എന്നിവയ്ക്കായി സംയോജിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ 3 റംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും ഈ അതോറിറ്റി മുഖാന്തിരമാണ് നടപ്പാക്കുന്നത് .<br><br>2021 - 22 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിന് ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും, നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനായുള്ള ബഡ്ജറ്റ് ശീർഷകം '4250-00-800-90-PV' ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അഷ്ടമുടി, വേമ്പനാട് കായലുകളുടെ ശുചീകരണത്തിനായി 20 കോടി രൂപയും ശാസ്താംകോട്ട കായലിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനായി ഒരു കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കായലുകളിലെയും കനാലുകളിലെയും അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | കായലുകൾ മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലത്തിലെ മാലിന്യത്തിന്റെ- പ്രത്യേകിച്ച് കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച്, കുളവാഴ/പോള, പായലുകൾ എന്നിവയുടെ വ്യാപനം വർദ്ധിക്കുന്നതായി കാണുന്നു. പായലും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ തോടുകൾ/കുളങ്ങൾ എന്നിവ ശുചിയാക്കുന്നതിന്റെ ഭാഗമായി പോള/പായൽ എന്നിവ നീക്കം ചെയ്യാറുണ്ട്. ഇതുകൂടാതെ, ജലസേചനവകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൻ കീഴിലുള്ള "വീഡ് ഹാർവെസ്റ്റർ" യന്ത്രം ഉപയോഗിച്ച് കായലുകളിലും അനുബന്ധ തോടുകളിലും അടിയുന്ന പോളയും പായലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br><br>കായലുകളിലെയും കനാലുകളിലെയും അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായി ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ വ്യാപിച്ചുകിടന്ന വിനാശകാരികളായ വള്ളിപ്പായൽ, കളകൾ, മുള്ളൻപോച്ച, എന്നിവയെ പ്രകൃതി ദത്തമായ രീതിയിൽ കയറിൽ കല്ല് കെട്ടി വലിച്ച് തടാകത്തിൽ നിന്നും കരയിലെത്തിച്ച് നീക്കം ചെയ്യുന്ന പദ്ധതി ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തയ്യാറാക്കിയ, കേന്ദ്ര- സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച, മാനേജ്മെന്റ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ